## പതിനാലാം കേരളനിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 1552 07.06.2018 -ൽ മറുപടിയ്ക്ക്

## ഭവന നിർമ്മാണ വകുപ്പിന്റെ പദ്ധതികൾ

**ചോദ്യം**

**ശ്രീ.രാജു എബ്രഹാം :**

(എ) പാവപ്പെട്ടവർക്ക് വീട് നിർമ്മിച്ച നൽകുന്നതിന് ഭവന നിർമ്മാണ വകുപ്പിന്റെ പദ്ധതികൾ എന്തൊക്കെയാണ്; ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര പേർക്ക് ഈ പദ്ധതി പ്രകാരം വീട് നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**ഉത്തരം**

**ശ്രീ. ഇ. ചന്ദ്രശേഖരൻ**
**(ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി)**

(എ) പാവപ്പെട്ടവർക്ക് വീട് നിർമ്മിച്ച നൽകുന്ന പദ്ധതികളൊന്നും തന്നെ ഭവന നിർമ്മാണ ബോർഡിൽ നിലവിലില്ല. സ്വന്തമായി രണ്ടോ മൂന്നോ സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല വിഭാഗം, താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/ എൻ.ജി.ഒ കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ വീട് നിർമ്മാണത്തിനായി 2 ലക്ഷം രൂപ സർക്കാർ സബ്സിഡി നൽകുന്ന ഗൃഹശ്രീ പദ്ധതി സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന 2013-14 വർഷം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ഒരു തുടർ പദ്ധതിയാണ്.

2014-15 (709 വീടുകൾക്കും) 2015-16 (1988 വീടുകൾക്കും) വർഷങ്ങളിൽ ഗൃഹശ്രീ പദ്ധതി പ്രകാരം അനുവദിച്ച യഥാക്രമം 14.19 കോടി രൂപയും, 39.76 കോടി രൂപയും ഉപയോഗപ്പെടുത്തി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താഴെപറയുന്ന തുക ധനസഹായമായി അനുവദിച്ചു.

| വർഷം | അനുവദനീയമായ വീടുകൾ | ഈ സർക്കാരിന്റെ കാലത്ത് പൂർണ്ണമായും ധനസഹായം നൽകിയിട്ടുള്ളത് |
|---|---|---|
| 2014-15 | 709 | 191 ഗുണഭോക്താക്കൾക്ക് 2 ലക്ഷം രൂപ വീതം സർക്കാർ സബ്സിഡി നൽകി (3.82 കോടി രൂപ) |
| 2015-16 | 1988 | 1328 ഗുണഭോക്താക്കൾക്ക് 2 ലക്ഷം രൂപ വീതം സർക്കാർ സബ്സിഡി നൽകി (26.56 കോടി രൂപ) |

(ബി) ഭവന വായ്പാ പദ്ധതികളിൽ വായ്പ അടച്ച തീർത്ത പലതിന്റെയും ഉണഭോക്താക്കൾക്ക് അവരുടെ വസ്തുവിന്റെ പ്രമാണം തിരികെ നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;
ഇത് തിരികെ നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ബി) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. വായ്പ അടച്ച തീർത്ത് ഒഴിമുറി ആധാരം രജിസ്റ്റർ ചെയ്ത് ഹാജരാക്കിയ എല്ലാവർക്കും പ്രമാണം നൽകിയിട്ടുണ്ട്. എന്നാൽ വായ്പക്കാരൻ മരണപ്പെട്ട കേസുകളിൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവർക്ക് പ്രമാണം തിരികെ നൽകാനുണ്ട്. രേഖകൾ ഹാജരാക്കുന്നതിന് ബന്ധപ്പെട്ടവരെ കത്ത് മുഖേനയും, ഫോൺ മുഖേനയും അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ